# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 27.04.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. പഹൽഗാം ഭീകരാക്രമണത്തിൻറെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ജമ്മു കശ്മീർ നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ച് ലഫ്റ്റനന്റ് ഗവർണർ.

   **The Ministry of Home Affairs has handed over the investigation of the Pahalgam terror attack to the National Investigation Agency (NIA). In Jammu and Kashmir Lieutenant Governor Manoj Sinha has summoned a one-day Special Session of the Legislative Assembly.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൻറെ 121-ാം പതിപ്പ് ഇന്ന് രാവിലെ 11 മണിക്ക്.

   **Prime Minister Narendra Modi will share his thoughts with the people of the country and abroad in the Mann Ki Baat programme on Akashvani today at 11 AM. It will be the 121st episode of the monthly radio programme.**

3. രാജ്യത്തുടനീളം ഒന്നേമുക്കാൽ ലക്ഷം ആയുഷ്മാൻ ആരോഗ്യ - ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നതായി കേന്ദ്രമന്ത്രി ജെ.പി. നഡ്ഡ.

   **Union Minister J.P. Nadda said that the government aims to establish around 1.75 lakh Ayushman Arogya Mandirs across the country.**

4. ബോധവത്കരണവും കർശന നടപടികളും അടങ്ങുന്ന സമഗ്ര പദ്ധതിയിലൂടെ മാത്രമേ ലഹരിയെ പ്രതിരോധിക്കാനാകുവെന്ന് ഗവർണർ രാജേന്ദ്ര ആർലേക്കർ.

**Governor Rajendra Arlekar has said that drug abuse can be prevented only through a comprehensive programme of awareness and stringent measures.**

5. **ഇന്ത്യയിലെ 17.1 കോടിയിലധികം ജനങ്ങൾ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് മുക്തരായതായി ലോക ബാങ്ക് റിപ്പോർട്ട്.**

**India Lifts Over 17.1 Crore People Out of Extreme Poverty in a Decade: World Bank Report.**

6. **വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് ഇന്ത്യ ഇന്ന് ഇറങ്ങും. ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത - പഞ്ചാബ് മത്സരം മഴ കാരണം ഉപേക്ഷിച്ചു.**

**India will play the first match of the women's tri-series today. And in IPL Cricket KKR, PBKS share points after rain abandons match.**

&&&&&&&&&&&&&&&&&&

## HEAD LINE -1

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത് ഇന്ന് രാവിലെ 11 ന്. പരിപാടിയുടെ 121-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

&&&&&&&&&&&&&&&&&&

## HEAD LINE -2

## MHA - NIA PAHALGAM

പഹൽഗാം ഭീകരാക്രമണത്തിൻറെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. സംഭവത്തിൽ എൻ ഐ എയുടെ ഔദ്യോഗിക അന്വേഷണം ഇതോടെ ആരംഭിക്കും. ആക്രമണം നടന്ന പ്രദേശം നേരത്തെ അന്വേഷണ ഏജൻസി സന്ദർശിച്ചിരുന്നു. പഹൽഗാം ആക്രമണത്തിൽ 26 പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## I B - MEDIA ADVISORY

രാജ്യ സുരക്ഷ കണക്കിലെടുത്ത് ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, സുരക്ഷാ സേനയുടെ നീക്കങ്ങൾ തുടങ്ങിയവയുടെ തത്സമയ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്യുന്നതിൽ നിന്നും മാധ്യമങ്ങളും വാർത്താ ഏജൻസികളും സമൂഹമാധ്യമ ഉപയോക്താക്കളും വിട്ടു നിൽക്കണമെന്ന് വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം. ഭീകര പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തന്ത്രപ്രധാന വിവരങ്ങൾ മുൻകൂട്ടി വെളിപ്പെടുത്തുന്നത് എതിരാളികളെ സഹായിക്കുമെന്നും, സൈനികരുടെ സുരക്ഷയ്ക്ക് ഇത് പ്രതിസന്ധി സൃഷ്ടിക്കാൻ ഇടയുണ്ടെന്നും മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## GOVT - AIRLINES

വ്യോമപാത നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ യാത്രക്കാരുടെ സുരക്ഷ അടക്കമുള്ള കാര്യങ്ങൾക്ക് സഹായകമായ നടപടികൾ സ്വീകരിക്കാൻ വിമാനകമ്പനികൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ. വ്യോമ പാതയിലെ മാറ്റങ്ങൾ, യാത്രാ സമയം, യാത്രയ്ക്കിടെയുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ സംബന്ധിച്ച് മുൻകൂട്ടി അറിയിപ്പ് നൽകണം. യാത്രയിൽ ആവശ്യമായ ശുദ്ധജലവും ഭക്ഷണവും, വൈദ്യ സേവനങ്ങളും ഒരുക്കാനും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&&&&&&

## VISA DELHI

പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് വിസ റദ്ദാക്കിയ പാകിസ്ഥാൻ പൗരന്മാർക്ക് ഇന്ത്യ വിടാനുള്ള സമയപരിധി ചൊവ്വാഴ്ച വരെ നീട്ടിയതായി ഡൽഹി സർക്കാർ. ഡൽഹിയിൽ കാലാവധി കഴിഞ്ഞിട്ടും താമസിക്കുന്ന പാകിസ്ഥാൻ പൗരന്മാരെ സംബന്ധിച്ച വിവരങ്ങൾ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ഉടൻ അറിയിക്കണമെന്നും അധികൃതർ നിർദേശം നൽകി.

&&&&&&&&&&&&&&&&&&&&&&

## J AND K- ASSSEMBLY SESSION- PAHALGAM

ജമ്മു കശ്മീർ നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ച് ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ. ഒരു ദിവസത്ത പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന മന്ത്രിസഭയുടെ അഭ്യർത്ഥന പരിഗണിച്ചാണ് തീരുമാനം. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് നിയമസഭ അന്തിമോപചാരം അർപ്പിക്കും. മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുടെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിൽ നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ വിളിച്ച് ചേർക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&

## MORN. RSS CHIEF-NON-VIOLENCE

അഹിംസ രാജ്യത്ത് ആഴത്തിൽ വേരൂന്നിയതാണെന്നും ഇന്ത്യ ഒരിക്കലും മറ്റുള്ളവരെ ഉപദ്രവിക്കുകയോ അനാദരം കാണിക്കുകയോ ചെയ്യുന്നില്ലെന്നും ആർഎസ്എസ് മേധാവി മോഹൻ ഭാഗവത്. ന്യൂഡൽഹിയിൽ ഇന്നലെ 'ദി ഹിന്ദു മാനിഫെസ്റ്റോ' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&

## MODI WAVES (INTRO)

ഇന്ത്യയുടെ യുവ സർഗാത്മക പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള ഏറ്റവും വലിയ വേദിയാണ് ലോക ശ്രവ്യ ദൃശ്യ വിനോദ ഉച്ചകോടി-WAVES-എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുവാക്കളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഈ പരിപാടി ചരിത്രത്തിലെ തന്നെ ആദ്യ സംരംഭമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ് പി.എം. വോയ്സ്)**

ഇന്ത്യയുടെ ഡിജിറ്റൽ ഉള്ളടക്ക ഭാവിയെ ഊർജ്ജസ്വലമാക്കുന്ന WAVES, വിനോദമേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായും വ്യവസായ പ്രമുഖരുമായും ബന്ധപ്പെടാൻ അവസരം നൽകുമെന്ന് ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

## AKASHVANI - WAVES AWARD

മുംബൈയിൽ നടന്ന ഇന്ത്യ ഓഡിയോ ഉച്ചകോടി 2025 ൽ ആകാശവാണിക്ക് 6 പുരസ്ക്കാരങ്ങൾ. ആകാശവാണി ഡയറക്ടർ ജനറൽ ഡോ. പ്രഗ്യാ പാലിവാൽ ഗൗർ ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. രാഷ്ട്രപതി ദ്രൗപദി മുർമുവുമായി നടത്തിയ പ്രത്യേക അഭിമുഖം, മുൻ കേന്ദ്രമന്ത്രി സ്മൃതി ഇറാനിയുടെ Nai Soch Nai Kahani പരിപാടി, ആകാശവാണിയുടെ പ്രതിവാര ഫോൺ ഇൻ പരിപാടി Public Speak ഉൾപ്പെടെയുള്ളവയ്ക്ക് പുരസ്കാരങ്ങൾ ലഭിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE - 5

## WORLD BANK REPORT-POVERTY

ഇന്ത്യയിലെ 17.1 കോടിയിലധികം ജനങ്ങൾ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് മുക്തരായതായി ലോക ബാങ്ക് റിപ്പോർട്ട്. ലോകബാങ്കിന്റെ ദാരിദ്ര്യവും തുല്യതയും സംബന്ധിച്ച 2025 ലെ റിപ്പോർട്ട് പ്രകാരം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ, പശ്ചിമ ബംഗാൾ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് പ്രധാനമായും അതിദാരിദ്ര്യം കുറഞ്ഞിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിൽ, 2011-12 ൽ 18.4 ശതമാനമായിരുന്ന അതിദാരിദ്ര്യം 2022-23 ൽ 2.8 ശതമാനമായും നഗരപ്രദേശങ്ങളിൽ 10.7 ശതമാനത്തിൽ നിന്ന് 1.1 ശതമാനമായും കുറഞ്ഞതായി റിപ്പോർട്ട് വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE -3

## NADDA (INTRO)

രാജ്യത്തുടനീളം ഏകദേശം ഒന്നേമുക്കാൽ ലക്ഷം ആയുഷ്മാൻ ആരോഗ്യ - ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ. പൂനെയിലെ സിംബയോസിസ് യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിലെ നെഫ്രോളജി ആൻഡ് യൂറോളജി സെന്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

ഗുണനിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസത്തിന്, ഇന്ന് ഇന്ത്യയിൽ തന്നെ ലോകോത്തര സൗകര്യങ്ങൾ ലഭ്യമാണെന്ന് ശ്രീ. ജെ.പി. നഡ്ഡ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

**HEAD LINE -4**

**GOVERNOR - BREAKING D CAMPAIGN**

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ചേർത്തുള്ള ബോധവത്കരണവും കർശന നടപടികളും അടങ്ങുന്ന സമഗ്ര പദ്ധതിയിലൂടെ മാത്രമേ ലഹരി എന്ന മാരക വിപത്തിനെ ചെറുക്കാനാകൂ എന്ന് ഗവർണർ രാജേന്ദ്ര ആർലേക്കർ. ലഹരി വിപത്തിനെതിരെ കേരള പത്രപ്രവർത്തക യൂണിയൻ നിർമിത ബുദ്ധിയുടെ സഹായത്തോടെ നടപ്പാക്കുന്ന ബ്രേക്കിംഗ് ഡി കാമ്പയിനിൻ്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&

**HYBRID DRUGS - DIRECTORS**

ഹൈബ്രിഡ് കഞ്ചാവുമായി സിനിമ സംവിധായകരായ ഖാലിദ് റഹ്മാൻ, അഷ്റഫ് ഹംസ എന്നിവരെ കൊച്ചിയിൽ എക്സൈസ് പിടികൂടി. രഹസ്യ വിവരത്തെ തുടർന്ന് ഇന്നലെ

രാത്രി മറൈൻഡ്രൈവിൽ ഉള്ള ഒരു ഫ്ലാറ്റിൽ

നിന്നാണ് പിടികൂടിയത്. ഇവരിൽ നിന്ന് ഒന്നര ഗ്രാം ഹൈബ്രിഡ് കഞ്ചാവ് കണ്ടെടുത്തു. പിന്നീട് മെഡിക്കൽ പരിശോധനയ്ക്ക് ശേഷം ഇവരെ ജാമ്യത്തിൽ വിട്ടു.

&&&&&&&&&&&&&&&&&&&&&

**HEAD LINE - 6**

**IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ, കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇന്നലെ നടന്ന മത്സരം മഴ കാരണം ഉപേക്ഷിച്ചു. ഇതെ തുടർന്ന് കൊൽക്കത്തയും പഞ്ചാബും ഓരോ പോയിന്റുകൾ വീതം പങ്കിട്ടു. 202 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഒരു ഓവറിൽ

വിക്കറ്റ് നഷ്ടമില്ലാതെ 7 റൺസ് നേടിയപ്പോൾ മഴ കളി തടസപ്പെടുത്തി. ഐ പി എല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ. മുംബൈ ഇന്ത്യൻസ്, ലേഖ്നൗ സൂപ്പർ ജയന്റ്സിനേയും, ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനേയും നേരിടും.

&&&&&&&&&&&&&&&&&&&&&&&&

## ODI WOMEN'S CRICKET

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിനായി ഇന്ത്യ ഇന്ന് ഇറങ്ങും. പ്രാദേശിക സമയം രാവിലെ 10 നു ആരംഭിക്കുന്ന കളിയിൽ ആതിഥേയരാണ് ഇന്ത്യയുടെ എതിരാളികൾ. ദക്ഷിണ ആഫ്രിക്കയും പരമ്പരയിൽ പങ്കെടുക്കുന്നുണ്ട്. ഹർമൻ പ്രീത് കൗർ ആണ് ഇന്ത്യൻ സംഘത്തെ നയിക്കുക.

&&&&&&&&&&&&&&&&&&&&&&&&

## AKASAVANI – 75TH ANNIVERSARY

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ സമാപനം നാളെ വൈകുന്നേരം തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര സംവിധായകനും, ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി നിർവഹിക്കും. ആൻറണി രാജു എംഎൽ എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. തിരുവനന്തപുരം ആകാശവാണി പ്രോഗ്രാം മേധാവി വി. ശിവകുമാർ സ്വാഗതം ആശംസിക്കും. സമാപന ചടങ്ങുകളോടനുബന്ധിച്ച് ആകാശവാണിയുടെ ഫോട്ടോ എക്സിബിഷൻ ടാഗോർ തിയറ്ററിൽ സംഘടിക്കും.

&&&&&&&&&&&&&&&&&&&&&&&&

## MORN. NTA- PLATFORM

NEET UG 2025 പരീക്ഷയുമായി ബന്ധപ്പെട്ട് പരീക്ഷാർഥികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സഹായിക്കുന്നതിനുമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രത്യേക പ്ലാറ്റ്ഫോം ആരംഭിച്ചു. തെറ്റായ പരിശീലന പരിപാടികളുടെ ഭാഗമാകരുതെന്നും തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ച് ഉദ്യോഗാർത്ഥികളെ വഞ്ചിക്കാൻ ശ്രമിക്കുന്നവരുടെ ചതിയിൽ വീഴരുതെന്നും NTA ഉദ്യോഗാർത്ഥികളോട് ആവശ്യപ്പെട്ടു. പരാതികൾ ഉള്ളവർ അടുത്ത

മാസം 4 ന് വൈകുന്നേരം 5 മണി വരെ NTA യുടെ ഔദ്യോഗിക വെബ്സൈറ്റിൽ റിപ്പോർട്ട് ചെയ്യണമെന്നും ഉദ്യോഗാർത്ഥികളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**REV NT. IRAN-BLAST**

ദക്ഷിണ ഇറാനിലേ ബന്ദർ അബ്ബാസ് നഗരത്തിലെ ഷഹീദ് രാജെ തുറമുഖത്തിലുണ്ടായ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 14 ആയി. 750 പേർക്ക് പരിക്കേറ്റു. തുറമുഖത്തിൽ സൂക്ഷിച്ചിരുന്ന കണ്ടെയ്നറുകൾ പൊട്ടിത്തെറിച്ചാണ് അപകടം. സംഭവത്തിൽ അതീവ ദുഖം രേഖപ്പെടുത്തിയ ഇറാൻ പ്രസിഡന്റ് വിശദമായ അന്വേഷത്തിനും നിർദേശം നൽകി. എന്നാൽ എണ്ണ ശുദ്ധീകരണ-വിതരണ ശൃംഖലകളെ അപകടം ബാധിച്ചിട്ടില്ലെന്നു അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&